2

# പ്രളയത്തിനുശേഷമുള്ള കാലം

## പ്രളയം മുതൽ അബ്രഹാമിനെ വിളിക്കുന്നതുവരെ

## ബി.സി. 2348-1921 (ഉൽപ. 8:10-11:26)

**1. രാമത്തെ ആരംഭം** (ഉൽപ. 8:15-9:29). - മനുഷ്യവർഗ്ഗത്തിന്റെ രാമത്തെ തൊട്ടിലായി പെട്ടകം തീരുന്നു. അതിൽനിന്നു നോഹയും അവന്റെ കുടുംബവും ഒരു പുതിയ പരിശീലനത്തിനായി പോയി.

*a. യാഗപീഠവും ഉടമ്പടിയും.* - നോഹ ഏഴ് ശുദ്ധമായ മൃഗങ്ങളുടെ ഓരോ തരത്തെയും സൂക്ഷിച്ചു. പെട്ടകത്തിൽ നിന്ന് പുറപ്പെട്ടുവന്ന നോഹ ആദ്യം ചെയ്തത് ശുദ്ധമായ മൃഗവും പക്ഷിയുമെടുത്ത് യാഗപീഠത്തിൽ ദൈവത്തിന് യാഗം അർപ്പിക്കുകയായിരുന്നു. അവന്റെ ആരാധന സ്വീകരിച്ചുകൊ്, ദൈവം നോഹയുമായി ഒരു ഉടമ്പടി ഉാക്കുകയും, ആകാശത്ത് മനോഹരമായ മഴവില്ല് അടയാളമായി വാഗ്ദത്തം ചെയ്ത് ഉറപ്പിക്കുകയും ചെയ്തു. ആ ഉടമ്പടിയിലെ മുഖ്യ കാര്യങ്ങൾ: (1) ഇനി ജലപ്രളയത്താൽ നാശം ഇല്ല; (2) ഭൂമിയിൽ മനുഷ്യൻ വർദ്ധിച്ചുപെരുകും; (3) മൃഗഭക്ഷണം ഉറപ്പിച്ചു; (4) മനുഷ്യജീവിതത്തിന്റെ പവിത്രത ഉറപ്പിക്കുന്നതായിരുന്നു കുലപാതകത്തിനു മരണശിക്ഷ കല്പിച്ചത്.

*b. നോഹയുടെ പുത്രന്മാരുടെ അന്തിമസ്ഥാനം.* - നോഹയുടെ ചരിത്രം അവസാനിക്കുന്നത് അവൻ വീഞ്ഞിനടിമപ്പെടുന്നതും, ഹാമിന്റെ ലജ്ജയില്ലാത്ത അനാദരവും, ശേമിന്റെയും യാഫേത്തിന്റെയും മാന്യമായ സ്വഭാവത്തെയും അതിജീവിക്കുന്നതാണ്. സ്വാഭാവികമായ വ്യത്യാസങ്ങൾ അവരുടെ പലതരത്തിലുള്ള ലക്ഷ്യങ്ങളെ കുറിച്ചുള്ള നോഹയുടെ പ്രവചനത്തിനുള്ള അവസരമായിതീർന്നു: (1) കനാന്റെ ശാപം (ഹാമിന്റെ വംശം), (2) ശേമിന്റെ അനുഗ്രഹം, (3) യാഫേത്തിന്റെ അഭിവൃദ്ധി.

**2. ദേശങ്ങളുടെ ഉൽപ്പത്തി.** (ഉൽപ. 10). - നരവംശശാസ്ത്രത്തിന്റെ ഏറ്റവും പുരാതനമായ അധികാരത്തെയാണ് ഉൽപത്തി പത്താം അദ്ധ്യായം വിവരിക്കുന്നത്. അതിൽ നോഹയുടെ പുത്രന്മാരുടെ പിൻഗാമികളെയും അവരുടെ വിതരണത്തെയും കാണിക്കുന്നു. (1) ഹാമിനു നാലു പുത്രന്മാർ ഉായിരുന്നു, അവർ യൂഫ്രത്തേസിന്റെയും നയിലി ന്റെയും താഴ്വരകളിലായിരുന്നു താമസിച്ചിരുന്നത്. ആദ്യത്തെ സംസ് കാരം ഹാമിന്റെ വംശത്തിൽ നിന്നുള്ളതായിരുന്നു. (2) ശേമിന്റെ അഞ്ചു പുത്രന്മാർ ആസേയുടെ തെക്കുപടിഞ്ഞാറു താമസിച്ചിരുന്നു. പ്രാരംഭത്തിൽ യൂഫ്രത്തേസിന്റെ കരയിൽ താമസിച്ചിരുന്ന ഹാം വംശജരെ കീഴ്പ്പെടുത്തിയ കൽദയരായിരുന്നു ആ പൂർവ്വികർ; അശൂര്യരും, സിറിയക്കാരും, അറേബ്യരും എബ്രായരും. ഇവരാണ് പിന്നീടുവരുന്ന വലിയ സാമ്രാജ്യങ്ങൾ. (3) യാഫെത്തിനു ഏഴു പുത്രന്മാരുായിരുന്നു, അവരിൽ നിന്നാണ് മേദ്യർ, യവനന്മാർ, റോമാക്കാർ, യൂറോപ്പിൽ ആധുനികമായി കാണുന്ന മറ്റെല്ലാ വംശക്കാരും ഉായത്. അവർ വിശാലമായി ചിതറിപ്പാർക്കുകയും, ആയിരക്കണക്കിനു വർഷങ്ങൾ അവർ പരി

ഷ്ക്കാരവിരോധികളായിരുന്നു, എന്നാൽ രായിരത്തി നാനൂറുവർഷം അവർ ലോകത്തെ ഭരിച്ചുകൊിരുന്നു.

**3. ബാബേൽ ഗോപുരവും ഭാഷ കലക്കലും** (ഉൽപ. 11:1-9). - നൂറ്റാ ുകൾ കടന്നുപോയി. ജനങ്ങൾ സിനാറിൽ ശ്രദ്ധ കേന്ദ്രീകരിച്ചു, അത് യഫ്രാത്തിന്റെ താഴ്വാരമായിരുന്നു. അവർ ഒരു വലിയ ഗോപുരമുാക്കി ഒരു സൽപേരുാക്കുവാനും ചിതറിപ്പോകൽ തടയുവാനും ശ്രമിച്ചു. ദൈവ പദ്ധതി, നോഹയോടുള്ള ഉടമ്പടിയിൽ വ്യക്തമാക്കിയത്, ജനങ്ങൾ ഭൂമിയിൽ നിറയേണമെന്നായിരുന്നു. അവരുടെ പാപം ഗോപുരത്തിലായിരുന്നില്ല, മറിച്ച് അവരുടെ ഹൃദയങ്ങളിലായിരുന്നു. അവരുടെ ഭാഷ കലക്കിക്കൊ് അവരുടെ ഉദ്ദേശത്തെ ദൈവം പരാജയപ്പെടുത്തി, അത് അവരെ ചിന്നഭിന്നമാക്കി കളഞ്ഞു; അതായിരുന്നു, ബാബേൽ കലക്കം.

**4. ശേമിന്റെ തലമുറകൾ** (ഉൽപ. 11:10-26). - അഞ്ചാം അദ്ധ്യായത്തിന്റെ ഉച്ചസ്ഥാനവും തുല്യതാപദവിയും ഉൾപ്പെടുന്നതാണ് ആ വാക്യങ്ങൾ. ആദാം മുതൽ നോഹ അടക്കമുള്ള ശേമിന്റെ വംശാവലി അവിടെ പറയുന്നു. അതിനെ തുടർന്നു ശേമിന്റെ വംശാവലിയും അതിൽ ശേം മുതൽ അബ്രഹാം വരെയും ഉൾപ്പെടുന്നു. ഓരോ വംശാവലിയിലും പത്തുപേരുകൾ അടങ്ങുന്നു. ഈ വംശാവലി പട്ടിക കുടുംബ രേഖകളേക്കാൾ മികച്ചതാകുന്നു. അവ ബൈബിൾ ചരിത്രത്തിന്റെ പ്രാഥമികമായ ഉദ്ദേശവുമായി അടുത്തു ബന്ധിപ്പിക്കുന്നു. ആ ഉദ്ദേശം ശരിയായ മതത്തിന്റെ ഉയർച്ചയും അഭിവൃദ്ധിയും വെളിപ്പെടുത്തുവാനാണ്. ആ അഭിവൃദ്ധിയെ തുടർന്നു വാഗ്ദാന വംശം വിശ്വസ്ത മനുഷ്യർക്കുള്ളതാണെന്നു തെളിയിക്കുന്നു. ആ വംശാവലിയുടെ അവസാനം മങ്ങിത്തെളിഞ്ഞ് പ്രത്യാശാനിർഭരമായിത്തീരുന്നത് മശിഹാവാഗ്ദാനത്തിലാണ്; അപ്പോഴും ഹാനോക്കും നോഹയും അബ്രഹാമും ആ പ്രാരംഭനൂറ്റാുകൾക്കു മീതെ എഴുന്നേറ്റ നായകന്മാർ തന്നെ.